മാർ തോമസ് ആനിമൂട്ടിലിന് കണ്ണൂരിൽ മലബാർ കുടിയേറ്റ ജനതയുടെ ഉജ്ജ്വല സ്വീകരണം

ജോസ് കണിയാലി

കണ്ണൂർ: കോട്ടയം അതിരൂപതയുടെ സഹായമെത്രാനും മലബാറിലെ ക്നാനായ ജനതയുടെ പ്രത്യേക ചുമതല വഹിക്കുന്ന മെത്രാനുമായ മാർ തോമസ് ആനിമൂട്ടിലിന് മലബാർ കുടിയേറ്റ ജനത കണ്ണൂരിൽ ഉജ്ജ്വല സ്വീകരണം നല്കി. മലബാർ കുടിയേറ്റ ജനതയിൽ നിന്ന് ആദ്യമായി മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട പുത്രൻ എന്ന പ്രത്യേകതയോടെയാണ് ശ്രീപുരം പാസ്റ്ററൽ സെന്ററിൽ ക്നാനായ ജനത അദ്ദേഹത്തിന് ഗംഭീര സ്വീകരണം ഒരുക്കിയത്.

അനുമോദന സമ്മേളനത്തിനു മുന്നോടിയായി നടന്ന വിശുദ്ധ കുർബാനയിൽ മാർ തോമസ് ആനിമൂട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്, തലശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം എന്നിവർ സഹകാർമ്മികരായിരുന്നു. വിശ്വാസത്തിലും പാരമ്പര്യത്തിലും വെള്ളം ചേർക്കാതെ നൂറ്റാണ്ടുകളായി ക്രൈസ്തവ വിശ്വാസതീക്ഷ്ണതയോടെ ജീവിച്ചുവളർന്ന സമുദായമാണ് ക്നാനായ സമുദായമെന്ന് തലശ്ശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. മലബാറിലേക്ക് നടന്ന ക്നാനായ സമുദായത്തിന്റെ കുടിയേറ്റമാണ് തലശ്ശേരി രൂപതയുടെ രൂപീകരണത്തിനു തന്നെ വഴിയൊരുക്കിയതെന്നും അദ്ദേഹം പറഞ്ഞു.

സഭയോട് ചേർന്നുനിന്ന് സഭയുടെ വളർച്ചയ്ക്കായി നിരന്തരം പരിശ്രമിക്കുന്ന സമുദായമാണ് ക്നാനായ സമുദായം. പ്രത്യേകിച്ച് മലബാർ, ദക്ഷിണ കന്നഡ മേഖലകളിൽ സീറോമലബാർ സഭയുടെ വളർച്ചയ്ക്കും നിലനില്പിനും ക്നാനായ സമുദായത്തിന്റെ സംഭാവനകളും അവർ ഉയർത്തിക്കൊണ്ടുവന്ന സ്ഥാപനങ്ങളും നിർണായകമായിട്ടുണ്ട്. ആഫ്രിക്ക ഒഴികെയുള്ള മറ്റു വിദേശരാജ്യങ്ങളിൽ സീറോമലബാർ സഭയ്ക്ക് രൂപതകൾ അനുവദിക്കപ്പെടുന്നതിലും ക്നാനായ സമുദായത്തിന്റെ സംഭാവനകൾ പ്രധാനമാണ്. എണ്ണത്തിൽ ചെറുതാണെങ്കിലും വിശ്വാസത്തിലും പാരമ്പര്യത്തിലും ഏറെ മുന്നിൽ നിൽക്കുന്ന സമുദായമാണിത്. മഹത്തായ ദർശനമുള്ള ഇടയന്മാരാണ് സമുദായത്തെ ഇതുവരെ നയിച്ചിട്ടുള്ളത്. സമുദായത്തിന്റെ വളർച്ചയിലും ഭാവിയിലും വിശ്വാസത്തിൽ അധിഷ്ഠിതമായ പാരമ്പര്യങ്ങൾ തുടർന്നും ശക്തമായി നിലനിൽക്കുമെന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു.

തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈദ്യുതി വകുപ്പു മന്ത്രി സണ്ണി ജോസഫ്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, കണ്ണൂർ മേയർ പി. ഇന്ദിര, ഫാ. ജോയ് കട്ടിയാങ്കൽ, ഫാ. ക്ലാരൻസ് പാലിയത്ത്, സിസ്റ്റർ സിൻസി എസ്.വി.എം, കെസിസി മലബാർ റീജിയൻ പ്രസിഡണ്ട് ജോസ് കണിയാപറമ്പിൽ, ഫാ. ജോർജ് കപ്പുകാലയിൽ എന്നിവർ പ്രസംഗിച്ചു. ടി.ഒ. മോഹനൻ എംഎൽഎ, കെ.വി. സുരേഷ് എംഎൽഎ, ടി.കെ. ഗോവിന്ദൻ എംഎൽഎ, സജീവ് ജോസഫ് എംഎൽഎ, കോർപ്പറേഷൻ കൗൺസിലർ അനൂപ് ബാലൻ, കെസിസി അതിരൂപത പ്രസിഡണ്ട് ബാബു പറമ്പെടുത്തുമലയിൽ, കെസിവൈഎൽ അതിരൂപത പ്രസിഡണ്ട് ജാക്സൺ മണപ്പാട്ട്, കെ.സി.ഡബ്ലൂ.എ മലബാർ റീജിയൻ പ്രസിഡണ്ട് ബിൻസി മാറിക വീട്ടിൽ, കെസിവൈഎൽ മലബാർ റീജിയൻ പ്രസിഡണ്ട് ബോണി ജോസ് ടോമി എന്നിവർ മാർ ആനിമൂട്ടിലിനെ പൊന്നാട അണിയിച്ച് ആദരിച്ചു. മാർ തോമസ് ആനിമൂട്ടിൽ മറുപടിപ്രസംഗം നടത്തി.



































മാർ തോമസ് ആനിമൂട്ടിലിന് സ്വീകരണം ചിത്രങ്ങളിലൂടെ...



























